# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5240 05.07.2012- ൽ മറുപടിക്ക്

സഹകരണ മേഖല ശക്തിപ്പെടുത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി കെ. എസ്. സലീഖ : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) | അന്താരാഷ്ട്ര സഹകരണ വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സഹകരണ മേഖല ഊർജ്ജസ്വലമാക്കുവാൻ എന്തൊക്കെ കർമ്മപരിപാടികൾ ഈ വർഷം ആസൂത്രണം ചെയ്യുകയുണ്ടായി ; വിശദമാക്കുമോ ; | എ) | താഴെ പറയുന്ന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| | | 1. | സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ, ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി "ഉണർവ്വ്" എന്ന പേരിൽ ഒരു തീവ്രയത്ന പരിപാടി. |
| | | 2. | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതോടൊപ്പം സംഘാംഗങ്ങളെ സംഘത്തിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും അവരുടെ സംഘങ്ങളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായി "എന്റെ സംഘം" എന്ന പേരിൽ ക്യാമ്പയിൻ നടന്നു വരുന്നു. |
| | | 3. | സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ്-2012" നടപ്പിലാക്കി വരുന്നു. |
| | | 4. | സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും, ശക്തിയും അവ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വഹിക്കുന്ന പങ്കും വ്യക്തമാക്കുന്ന തരത്തിൽ ഒരു അന്താരാഷ്ട്ര സഹകരണ എക്സിബിഷൻ സംഘടിപ്പി ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

5. ലോകത്തെ മറ്റ് രാജ്യങ്ങളിലെ സഹകരണ മേഖലയെക്കുറിച്ചുള്ള വിവരങ്ങൾ സംസ്ഥാനത്തെ സഹകാരികളുമായി പങ്കു വയ്ക്കുക, ഇതിലേയ്ക്കായി ഒരു ലേഖന പരമ്പര, സംസ്ഥാന സഹകരണ വകുപ്പിന്റെ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ "സഹകരണവീഥി" യിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

6. സഹകരണ മേഖലയുടെ നേട്ടങ്ങളും, കോട്ടങ്ങളും വിലയിരുത്തുന്നതിനും നയരൂപീകരണത്തിനുമായി ഏഴാം സഹകരണ കോൺഗ്രസ്സ് നവംബറിൽ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏഴാം സഹകരണ കോൺഗ്രസ്സിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖല കൂടുതൽ ഊർജ്ജസ്വലമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ബി) ഇതിൽ എന്തൊക്കെ കർമ്മപരിപാടികൾ പ്രവർത്തിയിൽ കൊണ്ടു വരുവാൻ സാധിച്ചു ; എന്ന് വ്യക്തമാക്കുമോ;

ബി) 1) "ഉണർവ്വ്" പദ്ധതി 2012 മാർച്ച് 15 മുതൽ ആരംഭിച്ചു. 2012 സെപ്റ്റംബർ 15 വരെയാണ് ക്യാമ്പയിൻ കാലയളവ്.

2) "എന്റെ സംഘം" പദ്ധതി 2012 ഏപ്രിൽ 14-ന് ആരംഭിച്ചു. ആഗസ്റ്റ് 14 വരെയാണ് ക്യാമ്പയിൻ കാലയളവ്.

3) "ആശ്വാസ് 2012" പദ്ധതി 2012 ജൂലൈ 1 മുതൽ ആരംഭിച്ചു. 2012 ആഗസ്റ്റ് 31 വരെയാണ് പദ്ധതി കാലയളവ്.

4) "സഹകരണം" ലോക രാഷ്ട്രങ്ങളിലൂടെ എന്ന പേരിൽ ഒരു ലേഖന പരമ്പര സഹകരണ വീഥിയിൽ ആരംഭിച്ചു.

സി) വർഷാചരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ഈ വർഷം എത്ര സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം നൽകുവാനാണ് തീരുമാനിച്ചത് ; ആയത് എത്ര കണ്ട് ലക്ഷ്യത്തിലെത്താൻ സാധിച്ചു; വ്യക്തമാക്കുമോ;

സി) വർഷാചരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ഈ വർഷം 200 സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 29 സഹകരണ സംഘങ്ങൾക്ക് 28.15 ലക്ഷം രൂപയുടെ ധനസഹായം ഇതിനകം അനുവദിച്ചു നൽകിയിട്ടുണ്ട്

ഡി) ഇത്തരം സംഘങ്ങൾ മുഖേന എത്ര കോടി രൂപയുടെ കാർഷിക വായ്പ നൽകാനാണ് തീരുമാനിച്ചത് ; ആയത് ഇതേവരെ എത്ര കോടി രൂപ നൽകിയെന്നും, ഇതിന്റെ

ഡി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 2,500 കോടി രൂപയുടെ കാർഷിക വായ്പ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിൽ ഇതേ വരെ 25,103 കർഷകർക്ക് 560.35

| | | | |
|---|---|---|---|
| | ഫലമായി എത്ര കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്നും വ്യക്തമാക്കാമോ; | | കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. |
| ഇ) | അന്താരാഷ്ട്ര സഹകരണ വർഷാചരണത്തിന്റെ ഭാഗമായി ഫാർമേഴ്സ് സെന്ററുകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുവാൻ സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; എത്ര സെന്ററുകൾ തുറക്കാനാണ് തീരുമാനിച്ചതെന്നും അതിൽ എത്രയെണ്ണം തുറന്നുവെന്നും വ്യക്തമാക്കാമോ; | ഇ) | കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| എഫ്) | ഇത്തരം സെന്ററുകളിലൂടെ കർഷകർക്ക് ഏതൊക്കെ തരത്തിലുള്ള പ്രയോജനം ലഭിക്കുമെന്ന് വിശദമാക്കാമോ? | എഫ്) | കൃഷി വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനും, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ തുടങ്ങിയ പദ്ധതി സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക, ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിൽ ഒരു കേന്ദ്രമായി പ്രവർത്തിക്കുക വഴിയും കർഷകർക്ക് പ്രയോജനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ